**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭ**
**ചോദ്യം നമ്പർ:836**

**30.06.15 ൽ മറുപടിക്ക്**

**പി.ഐ.പി. കനാൽ പുറമ്പോക്ക് കയ്യേറ്റം സംബന്ധിച്ച് പരാതിയിൻ മേൽ നടപടി**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.സി.കെ.സദാശിവൻ | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കായംകുളം മണ്ഡലത്തിൽ പത്തിയൂർ ഗ്രാമപഞ്ചായത്തിൽ പത്താം വാർഡിലെ പി.ഐ.പി. കനാൽ (പി.ഐ.പി. നം.4) പുറമ്പോക്ക്സ്ഥലം കയ്യേറിയതുമായി ബന്ധപ്പെട്ട് പ്രദേശവാസികൾ നൽകിയ നിവേദനത്തെത്തുടർന്ന് കായംകുളം എം.എൽ.എ മാവേലിക്കര പി.ഐ.പി. അസിസ്റ്റന്റ് എൻജിനീയർക്ക നൽകിയ കത്തിന്മേൽ നടപടികൾ പൂർത്തീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; കാലതാമസം ഉണ്ടാകാനുള്ള കാരണം വിശദമാക്കാമോ ? | (എ) കായംകുളം മണ്ഡലത്തിലെ പത്തിയൂർ ഗ്രാമപഞ്ചായത്ത് 10-ാം വാർഡിലെ പിഐപി കനാൽ പുറമ്പോക്ക് സ്ഥലം കൈയ്യേറിയതുമായി ബന്ധപ്പെട്ട് പ്രദേശവാസികൾ നൽകിയ നിവേദനത്തെ അടിസ്ഥാനമാക്കി ബഹു.കായംകുളം എംഎൽ.എ നൽകിയ പരാതി 2013 ഡിസംബർ 10-ാം തീയതി അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ ലഭിച്ചിരുന്നു. അതിൻ പ്രകാരം ടി സ്ഥലം പരിശോധിക്കുകയും പിഐപി വക ഭൂമിയുടെ അതിർത്തികൾ വ്യക്തമല്ലായെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അതിർത്തി നിർണ്ണയത്തിനായി കാർത്തികപ്പള്ളി തഹസീൽദാർക്ക് കത്തു നൽകുകയും പലതവണ ഓർമ്മക്കുറിപ്പുകൾ അയയ്ക്കുകയും ചെയ്തിട്ടുണ്ട്. ജില്ലാകലക്ടറെ ബന്ധപ്പെട്ട് അതിർത്തികൾ അളന്നു തിട്ടപ്പെടുത്തുവാനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്. |
| (ബി) പി.ഐ.പി. വക പുറമ്പോക്ക് സ്ഥലം തിരികെ കണ്ടെടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | (ബി) അതിർത്തി അളന്നുതിട്ടപ്പെടുത്തിയാലുടൻ പുറമ്പോക്ക സ്ഥലം വീണ്ടെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ